TALUK HEADQUARTERS HOSPITAL CHALAKUDY

(NQAS & KASH ACCREDITED)

ചാലക്കുടി നഗരസഭ താലൂക്ക്ഹെഡ്ക്വാർട്ടേഴ്സ്ആശുപത്രി, ചാലക്കുടി

Chalakudy P O, Thrissur, Kerala, Pin : 680307 PH No. 0480-2701823, 2708372

E-mail : thqhckdy123@gmail.com

Website: www.talukhospitalchalakudy.org

നം.സി. 4192/2023 തിയ്യതി : 09.11.2026

ദർഘാസ് പരസ്യം

താലൂക്ക് ഹെഡ്ക്വാട്ടേഴ്സ് ഹോസ്പിറ്റൽ, ചാലക്കുടിയിൽ 01.12.2026 മുതൽ 30.11.2027 വരെ കാലയളവിൽ കാന്റീൻ പ്രവർത്തിക്കുന്നതിന് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും FSSAI രജിസ്ട്രേഷനുള്ള കുടുംബശ്രീ/ സംഘങ്ങൾ/ വ്യക്തി/ സ്ഥാപനം തയ്യാറുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്ര വെച്ച കാന്റീൻ ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

പ്രതിമാസവാടക ഏറ്റവും കുറഞ്ഞത് ജി.എസ്.റ്റി 18% ഉൾപ്പെടെ - രൂപ. 103000/- (ഒരു ലക്ഷത്തി മൂവായിരം രൂപ മാത്രം) ആയിരിക്കും.

ടെൻഡർ ഫോമുകൾ ഈ സ്ഥാപനത്തിൽ നിന്നും 09.11.2026 മുതൽ 23.11.2026 ഉച്ചയ്ക്ക് 12.30 വരെയുള്ള ദിവസങ്ങളിൽ ഓഫീസ് സമയത്ത് 1000 രൂപയും 18% ജി.എസ്.ടിയും അടച്ച് വാങ്ങാവുന്നതാണ്.

- 23.11.2026 ന് ഉച്ചയ്ക്ക് 02.00 മണിക്ക് മുൻപായി പൂരിപ്പിച്ച ടെൻഡറുകൾ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ടെൻഡർ ഫോമിനോടൊപ്പം വെള്ള പേപ്പറിൽ പ്രാഥമിക കരാറും 5000 രൂപ നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതുമാണ്. ടെണ്ടർ ഫോമിൽ ജി.എസ്.റ്റി 18% ഉൾപ്പെടെയുള്ള പ്രതിമാസവാടകയാണ് രേഖപ്പെടുത്തേണ്ടത്. 23.11.2026 ന് ഉച്ചയ്ക്ക് 03.00 മണിക്ക് ടെണ്ടർ, ഹാജറുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെൻഡറുകൾ പരിശോധിച്ച് കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള കുടുംബശ്രീ/സംഘങ്ങൾ/വ്യക്തി/സ്ഥാപനം ടെൻഡർ താത്കാലികമായി ഉറപ്പിക്കുന്നതാണ്.
- ടെണ്ടർ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം ഈ സ്ഥാപനമേധാവിയിൽ നിക്ഷിപ്തമാണ്. കരാർ ലഭിച്ചവർ സ്വന്തം ചെലവിൽ (200 രൂപയുടെ മുദ്രപത്രത്തിൽ) നിർദ്ദിഷ്ടമാതൃകയിലുള്ള കരാറിൽ ഈ സ്ഥാപനവുമായി ഏർപ്പെടേണ്ടതാണ്.
- കരാർ നിബന്ധനകൾ ഉൾപ്പെടെ കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽവൈകീട്ട് 03.30 മണി വരെ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട്

Superintendent
THQ Hospital Chalakudy

സ്വീകർത്താവ് :

1.പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
2.നഗരസഭാകാര്യാലയം.ചാലക്കുടി.
3.ബ്ലോക്ക് ആഫീസ്. ചാലക്കുടി.
4.വില്ലേജ്ആഫീസർ, ചാലക്കുടി.

TALUK HEADQUARTERS HOSPITAL CHALAKUDY

(NQAS & KASH ACCREDITED)

ചാലക്കുടി നഗരസഭ താലൂക്ക്ഹെഡ്ക്വാർട്ടേഴ്സ്ആശുപത്രി, ചാലക്കുടി

Chalakudy P O, Thrissur, Kerala, Pin : 680307 PH No. 0480-2701823, 2708372

E-mail : thqhckdy123@gmail.com

Website: www.talukhospitalchalakudy.org

നിബന്ധനകൾ

1. കരാർ കാലയളവ് 01.12.2026 മുതൽ 30.11.2027 വരെ ആയിരിക്കും.
2. ഈ ആശുപത്രി കോമ്പൗണ്ടിൽ ഐ.പി ബ്ലോക്കിന് സമീപത്തുള്ള കെട്ടിടത്തിൽ കാന്റീൻ നടത്തേണ്ടതാണ്..
3. മൂന്നുമാസത്തെ വാടക അഡ്വാൻസായി അടക്കേണ്ടതും കരാർ കാലാവധി കഴിയുമ്പോൾ പലിശ ഇല്ലാതെ പ്രസ്തുത സംഖ്യ തിരിച്ചു കൊടുക്കുന്നതും ആണ്.
4. മാസവാടക മാസത്തിലെ ആദ്യത്തെ അഞ്ചു ദിവസങ്ങൾക്കുള്ളിൽ ഓഫീസിൽ അടക്കേണ്ടതും രശീതി കൈപ്പറ്റേണ്ടതുമാണ്. അല്ലാത്തപക്ഷം കരാർ റദ്ദാക്കുവാൻ സൂപ്രണ്ടിനു അധികാരമുണ്ടായിരിക്കും.
5. വെള്ളവും വൈദ്യുതിയും ഈ സ്ഥാപനത്തിൽ നിന്നും നൽകുന്നതാണ്. ആയതിന്റെ തുക എല്ലാ മാസവും വാടക കൊടുക്കുന്നതിനോടൊപ്പം നൽകേണ്ടതാണ്.
6. 30 ദിവസത്തെ നോട്ടീസ് നൽകി കരാറിലെ വ്യവസ്ഥകൾ മാറ്റുന്നതിനോ കരാറ് റദ്ദാക്കുന്നതിനോ ഉള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.
7. കാന്റീൻ വൃത്തിയുള്ളത് ആയിരിക്കേണ്ടതാണ്. സൗകര്യമുള്ള ടേബിളുകളും ഇരിപ്പിടങ്ങളും ഉൾപ്പെടെ എല്ലാ സാധനസാമഗ്രികളും സ്വന്തം ചെലവിൽ തയ്യാറാക്കേണ്ടതാണ്.
8. കാന്റീന്റെ പ്രവർത്തന സമയം രാവിലെ 5 മുതൽ രാത്രി 8 മണി വരെയായിരിക്കും
9. കാന്റീൻ നടത്തുന്നതിനായി കരാറുകാരൻ സ്വന്തം ചിലവിൽ മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്.
10. എല്ലാ കാന്റീൻ ജീവനക്കാരും ഹെൽത്ത് കാർഡ് സ്വന്തം ചിലവിൽ എടുത്തിരിക്കണം.ജീവനക്കാർ തിരിച്ചറിയൽ കാർഡ്, പേര് വിവരങ്ങൾ, പോലിസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നിവ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
11. ആശുപത്രി ജീവനക്കാർക്ക് യഥാർത്ഥ വിലയേക്കാൾ 20% കിഴിവിൽ സാധനങ്ങൾ നൽകേണ്ടതാണ്.
12. കാന്റീൻ ജീവനക്കാർ യൂണിഫോം, ഐഡെന്റിറ്റി കാർഡ് എന്നിവ ധരിക്കേണ്ടതാണ്.
13. ആശുപത്രി ജീവനക്കാർക്ക് ഭക്ഷണപദാർത്ഥം നൽകുന്നതിനുള്ള തുക പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.
14. ഭക്ഷണത്തിന്റെ വിലനിലവാരം എഴുതി പ്രദർശിപ്പിച്ചിരിക്കണം.
15. ഊണിന് മിനിമം സാമ്പാർ കറി, പച്ചക്കറി തോരൻ, പപ്പടം, അച്ചാർ, രസം അല്ലെങ്കിൽ മോര് എന്നിവയുണ്ടായിരിക്കണം.
16. ചായ 125മിലി. ഉണ്ടായിരിക്കണം.
17. ചെറുകടികൾക്ക് തൂക്കവും ഗുണവും ആശുപത്രി അധികൃതർ ഉറപ്പു വരുത്തുന്നതായിരിക്കും
18. അടുക്കള നല്ല വൃത്തിയുള്ളതായിരിക്കണം, ആയത് ആശുപത്രി ഉദ്യോഗസ്ഥർ പരിശോധിക്കുന്നതാണ്.
19. തിളപ്പിച്ച് ആറ്റിയ വെള്ളം കുടിവെള്ളമായി നൽകേണ്ടതാണ്.
20. കാന്റീനിൽ വരുന്ന ഖരദ്രവ്യ മാലിന്യങ്ങൾ സ്വന്തം ചിലവിൽ എല്ലാ ദിവസവും നീക്കം ചെയ്യേണ്ടതാണ്.
21. എന്തെങ്കിലും കേടുപാടുകൾ, നഷ്ടങ്ങൾ കെട്ടിടത്തിന് ഈ കാലയളവിൽ സംഭവിച്ചാൽ ആയത് കരാറുകാരൻ സ്വന്തം ചിലവിൽ തീർക്കേണ്ടതും അല്ലാത്തപക്ഷം അഡ്വാൻസ് തുകയിൽ നിന്ന് ഈ തുക കുറവ് ചെയ്യുന്നതായിരിക്കും.
22. ഭക്ഷണത്തിന് ആനുകൂല്യം ഉള്ള രോഗികൾക്ക് ഉത്തരവാദിത്തപ്പെട്ടവരുടെ അറിയിപ്പിന്റെ/ കാർഡുകളുടെ അടിസ്ഥാനത്തിൽ ആയത് നൽകേണ്ടതും ഇതിന്റെ ചിലവ് അതാതുമാസം ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതുമാണ്.
23. കാന്റീൻ കെട്ടിടത്തിന്റെ കെട്ടിടനികുതി കാന്റീൻ നടത്തിപ്പുകാരൻ കൃത്യമായി മുനിസിപ്പാലിറ്റിയിൽ ഒടുക്കേണ്ടതാണ്.

Superintendent
THQ Hospital Chalakudy